"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് - പോലീസ് ജീവനക്കാര്യം - പത്തനംതിട്ട ഡി.സി. പി.എച്ച്.ക്യൂ യിലെ സി.പി.ഒ 4113 N ശ്രീ.മിഥുൻ മോഹന് പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (പി) വകുപ്പ്**

സ.ഉ.(സാധാ) നം.4390/2025/HOME തീയതി,തിരുവനന്തപുരം, 18-12-2025

---

പരാമർശം:-
1. 24.11.2025 തീയതിയിലായി ശ്രീ.മിഥുൻ മോഹൻ സമർപ്പിച്ച ശൂന്യവേതനാവധി അപേക്ഷ
2. 12.12.2025 തീയതിയിലെ സംസ്ഥാന പോലീസ് മേധാവിയുടെ E5-242327/2025/PHQ നമ്പർ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട ഡി.സി. പി.എച്ച്.ക്യൂ യിലെ സി.പി.ഒ. 4113 ശ്രീ.മിഥുൻ മോഹന് കേരള സർവകലാശാലയുടെ കീഴിലുള്ള പത്തനാപുരം സെയിന്റ് സ്റ്റീഫൻസ് കോളേജിൽ എം.എസ്.സി. മാത്ത്മാറ്റിക്സ് കോഴ്സ് പഠിക്കുന്നതിനായി 15.12.2025 തീയതി മുതൽ 31.08.2027 വരെ ശൂന്യവേതനാവധി അനുവദിക്കുന്നതിലേയ്ക്കായി സൂചന (1) പ്രകാരം സമർപ്പിച്ച അപേക്ഷ സംസ്ഥാന പോലീസ് മേധാവി സൂചന (2) പ്രകാരം ശിപാർശ ചെയ്ത് ലഭ്യമാക്കിയിട്ടുണ്ട്. അപേക്ഷകനെതിരെ പി.ആർ/അച്ചടക്ക നടപടി ഇല്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പോലീസ് വകുപ്പിന്റെ നിരാക്ഷേപം, വിജിലൻസ് ക്ലിയറൻസ്, കോഴ്സ് സർട്ടിഫിക്കറ്റ് എന്നിവയും ലഭ്യമാക്കിയിട്ടുണ്ട്. അപേക്ഷകൻ 5 വർഷം സേവനം പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ ബോണ്ട് ബാധ്യത തുകയായ 42,881/- രൂപ ഒടുക്കിയതിന്റെ KL033494331202526E നമ്പരായ ചെലാൻ രസീത് ഹാജരാക്കിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന പോലീസ് മേധാവി പരാമർശം പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ള വസ്തുതകളുടെ അടിസ്ഥാനത്തിൽ പത്തനംതിട്ട ഡി.സി. പി.എച്ച്.ക്യൂ

യിലെ സി.പി.ഒ. 4113 ശ്രീ.മിഥുൻ മോഹന് കേരള സർവകലാശാലയുടെ കീഴിലുള്ള പത്തനാപുരം സെയിന്റ് സ്റ്റീഫൻസ് കോളേജിൽ എം.എസ്.സി. മാത്ത്മാറ്റിക്സ് കോഴ്സ് പഠിക്കുന്നതിനായി 15.12.2025 മുതൽ 31.08.2027 വരെ KSR ഭാഗം 1, അനുബന്ധം XII B പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANJU M

ഡെപ്യൂട്ടി സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം

ശ്രീ. മിഥുൻ മോഹൻ (സംസ്ഥാന പോലീസ് മേധാവി മുഖേന)

ധനകാര്യ വകുപ്പ് ( 17/12/2025 തീയതിയിലെ 3359688 : EXP-A1/237/2025-FIN നമ്പർ അഭിപ്രായക്കുറിപ്പ് മുഖേനെ)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (പി1/455/2025-ആഭ്യന്തരം)

ഉത്തരവിൻ പ്രകാരം

Signed by
Sini George
Date: 18-12-2025 13:28:48

സെക്ഷൻ ഓഫീസർ